# പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

19.05.2017-ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം :4758

**എന്റർടെയ്ൻമെൻറ് ടാക്സ്**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ബി.ഡി. ദേവസ്സി | | ശ്രീ. അഡ്വ: കെ. രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ) അതിരപ്പിള്ളി ഗ്രാമ പഞ്ചായത്തിലെ ടൂറിസം മേഖലയിൽ നിന്നും വനംവകുപ്പ് വന സംരക്ഷണ സമിതി വഴി പിരിച്ചെടുക്കുന്ന സംഖ്യയുടെ ഒരു നിശ്ചിത ശതമാനം ഗ്രാമപഞ്ചായത്തിന് എന്റർടെയ്ൻമെൻറ് ടാക്സ് ആയി നൽകുന്നതിന് നടപടി സ്വീകരിക്കുമോ;<br><br>ബി) ഇതു സംബന്ധിച്ച് അതിരപ്പിള്ളി ഗ്രാമഞ്ചായത്ത് സമർപ്പിച്ചിട്ടുള്ള അപേക്ഷ പരിഗണിച്ച് സന്ദർശകരിൽ നിന്നും പിരിച്ചെടുക്കുന്ന പ്രവേശന ഫീസിൽ നിന്നും ഒരു വിഹിതം നൽകുവാൻ വനം വകുപ്പിൽ നിന്നും അനുമതി നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | എ)<br>&<br>ബി) | അതിരപ്പിള്ളി ഇക്കോ ടൂറിസം മേഖലയിൽ എത്തുന്ന സന്ദർശകരിൽ നിന്നും പ്രവേശനഫീസായി ലഭിക്കുന്ന തുകയിൽ നിന്നും ഗ്രാമപഞ്ചായത്തിന് വിനോദ നികുതി നൽകുന്നതുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവുകളോ , നിർദ്ദേശങ്ങളോ നിലവിലില്ല. സഞ്ചാരികളിൽ നിന്നും ശേഖരിക്കുന്ന പ്രവേശന ഫീസിന്റെ ഉപയോഗം , സർക്കാർ അംഗീകരിച്ച പുഴ-വനം സംരക്ഷണ നിധി മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസൃതമായാണ്. |

സെക്ഷൻ ഓഫീസർ